എംപ്ലോയ്മെന്റ് എക്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർ

197(908) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർ എത്രയാണ്;

(ബി) കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പാർട്ട്-ടൈം തസ്തികകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി ശുപാർശചെയ്യുന്നതിന് ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന രീതി എന്താണ്?

ഉത്തരം

(എ) 31.5.1999 ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരുടെ എണ്ണം 38,09,159 ആണ്.

(ബി) കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

1994-1995	41,52,174
1995-1996	32,66,458
1996-1997	33,05,444
1997-1998	35,67,697
1998-1999	37,90,563

(സി) 18.1.1988 ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 101/88 തൊഴിൽ പ്രകാരം സംസ്ഥാന സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ പാർട്ട്-ടൈം കണ്ടിൻജന്റ് ഒഴിവുകൾക്ക് അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും സംസ്ഥാന-അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഒഴിവുകൾ ജില്ലാതല സർക്കുലേഷൻ നടത്തിയും ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യുന്നു.

22.2.1996 ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 502/96/തൊഴിൽ പ്രകാരം കേന്ദ്ര സർക്കാർ, കേന്ദ്ര അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഒഴിവുകൾ അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും മാത്രം ഉള്ള ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യുന്നു.

സ്പോർട്സിൽ അഭിരുചി വളർത്താൻ സ്കൂളുകൾക്ക് ധനസഹായം

198(909) ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് സ്പോർട്സിൽ അഭിരുചി വളർത്താൻ സ്കൂളുകൾക്ക് ധനസഹായം നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ 1998-99 സാമ്പത്തിക വർഷം ഏതെല്ലാം സ്കൂളുകൾക്കാണ് ധനസഹായം നൽകിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly